# ലിറ്റിൽകൈറ്റ്സ്

## ജി വി എച്ച് എസ് എസ് കാർത്തികപുരം

## ഡിജിറ്റൽ മാഗസിൻ-2023-24

# വഴിവിളക്ക്

# മുഖമൊഴി

"കണ്ണുവേണമിരുപുറമെപ്പോഴും,
കണ്ണുവേണം മുകളിലും താഴെയും"
-കടമ്മനിട്ട രാമകൃഷ്ണൻ.

തുറന്ന കണ്ണുകളോടെ ചുറ്റുപാടുകളെ നോക്കിക്കാണാനും തിരിച്ചറിവുകളോടെ വസ്തുതകൾ  മനസ്സിലാക്കാനുമുള്ള ശേഷി പുതിയ കാലഘട്ടത്തിൽ നമുക്ക് അനിവാര്യമാണ്. വിവേകപൂർണ്ണമായ ഉപയോഗത്തിലൂടെ മനുഷ്യരാശിയ്ക്ക് അനുഗ്രഹമായി മാറേണ്ട നവസാമൂഹികമാധ്യമങ്ങൾ വിവേകരഹിതമായ പ്രവർത്തനങ്ങളിലൂടെ പലപ്പോഴും ആപത്തിന് കാരണമാവുന്നു. പരിമിതികളേക്കുറിച്ച് സമൂഹത്തിൽ അവബോധം സൃഷ്ടിക്കുകയും സാധ്യതകൾ പ്രയോജനപ്പെടുത്തുന്നതിന് പ്രേരകശക്തിയായി നിതാന്ത ജാഗ്രതപുലർത്തുകയും ചെയ്തുകൊണ്ട് സമൂഹത്തോടുള്ള നമ്മുടെ ചുമതല നിറവേറ്റാം.

-പത്രാധിപർ

**താളുകൾ മറിയ്ക്കുമ്പോൾ..................**

* വായനാവസന്തം 2024

*e-വായന ഇന്നത്തെ വായന

*സൈബർ സുരക്ഷ- ഇന്നത്തെ അനിവാര്യത

*പ്രകൃതി ഭംഗി

*പാമ്പിനിട്ട് പണി കൊടുക്കാൻ അവർ ഒരു വഴി

* കിളിയും കാറ്റും

*സൈബർട്രോട്സ്

*എന്റെനാട്.....

*മഴ

*വിഡ്ഢിയായ ആന

*ഉദ്ധാരണികൾ
*ഒരു ദിനം
*ആത്മസംതൃപ്തി

*തെയ്യം

# കാർത്തികപുരം ഗവണ്മെന്റ് വൊക്കേഷണൽ ഹയർസെക്കന്ററി സ്കൂൾ
## മികവ് പ്രവർത്തന റിപ്പോർട്ട് 2023-24
## വായനാവസന്തം 2024




2023 -24 വർഷത്തെ **മികവ് പ്രവർത്തനങ്ങൾ**

ഓഗസ്റ്റ് പതിനഞ്ച് മുതൽ ജനവരി ഇരുപത്താറ് വരെ , "വായനാവസന്തം 2024" എന്നപേരിൽ വിവിധപ്രവർത്തനങ്ങളോടെ നടപ്പിൽ വരുത്തി.

8, 9 ക്ലാസുകളിലെ നൂറ്റിയറുപത്തിനാല് പഠിതാക്കളുടെ വായനാമികവ് സത്വര ലക്ഷ്യമായി നിശ്ചയിച്ചുകൊണ്ട്,വിദ്യാലയത്തിലെ എല്ലാ കുട്ടികൾക്കും

പ്രയോജനകരമായ രീതിയിൽ പ്രവർത്തനങ്ങൾ ആസൂത്രണംചെയ്ത് വിജയിപ്പിക്കുവാൻ സാധിച്ചു.

## മുന്നൊരുക്കങ്ങൾ

ജൂൺ മാസത്തിൽ ചേർന്ന് സബ്ജക്ട് കൗൺസിൽയോഗത്തിൽ കുട്ടികളുടെ വിവിധ വിഷയങ്ങളിലുള്ള പഠന പിന്നോക്കാവസ്ഥ ചർച്ച ചെയ്ത് വിലയിരുത്തുകയും ജൂൺ 21 ന് ചേർന്ന എസ്. ആർ ജി യോഗത്തിൽ തുടർ പ്രവർത്തനങ്ങളെക്കുറിച്ച് ആലോചിക്കുകയും ചെയ്തു. കുട്ടികളുടെ ശരിയായ പഠനനിലവാരം മനസ്സിലാക്കുന്നതിന് എല്ലാ ക്ലാസ്സുകളിലും നിലവാര നിർണയ പരീക്ഷ നടത്തുന്നതിന് തീരുമാനമായി.

23 6 20023 വെള്ളിയാഴ്ച പ്രീ ടെസ്റ്റ് നടത്തി പഠന പിന്നോക്കാവസ്ഥ നേരിടുന്ന വിദ്യാർത്ഥികളെ കണ്ടെത്തി.

## രക്ഷിതാക്കളുടെ യോഗം

ജൂൺ 29 ന് ചേർന്ന് രക്ഷിതാക്കളുടെ യോഗത്തിൽ പഠന പിന്നോക്കാവസ്ഥ നേരിടുന്ന വിദ്യാർത്ഥികൾക്ക് പ്രത്യേക പഠന പരിപാടികൾ ആരംഭിക്കുന്നതിന് തീരുമാനമായി.



വേർതിരിവുകൾക്കതീതമായി എല്ലാവരേയും ചേർത്തുനിർത്തുന്ന പൊതുവിദ്യാലയങ്ങളുടെ നന്മ പ്രകടമാകുന്ന രീതിയിൽ വായനയുടെ ലോകത്തേയ്ക്ക് എല്ലാ കുട്ടികളേയും ഒരേ സമയം കൈപിടിച്ചാനയിക്കുന്നതിനുപകരിയ്ക്കുന്ന മികവു പ്രവർത്തനമെന്ന നിലയിൽ "വായനാവസന്തം 2024" ഏവരുടേയും ശ്രദ്ധയാകർഷിച്ചു.



പൂക്കൾക്കും പൂമ്പാറ്റകൾക്കുമൊപ്പം പൂന്തോട്ടത്തിലിരുന്ന് പ്രഭാതങ്ങളിൽ കുട്ടികൾ ദിനപ്പത്രങ്ങൾ വായിക്കുന്നു.

രക്ഷിതാക്കൾ വിവിധ ജോലികൾക്കായി അതിരാവിലെ വീട്ടിൽനിന്നും പുറപ്പെടുന്നതുമൂലം വളരെനേരത്തെ വിദ്യാലയത്തിലെത്തിച്ചേരുന്ന കുട്ടികൾക്ക് ഈ വായനാവേള ഏറെ പ്രയോജനപ്പെടുന്നു. രാവിലെ 8.30 മുതൽ 9:30 വരെയും വൈകുന്നേരം 4 മണിമുതൽ 5 മണിവരെയും നടക്കുന്ന ഈ വസന്തവായന , വായനയുടെ പുതിയ പടവുകളിലേയ്ക്ക് കുട്ടികളെ കൈ പിടിച്ചുനടത്തുന്നു. കുട്ടികൾക്ക് വ്യത്യസ്തമായ വായനാനുഭവങ്ങൾസമ്മാനിച്ചുകൊണ്ട്മാതൃഭൂമി,ദേശാഭിമാനി,മലയാളമനോരമ,കേരളകൗമുദി, സിറാജ്,മാധ്യമം, INDIAN EXPRESS എന്നീ പത്രങ്ങൾ സ്കൂൾ പി.റ്റി.എ യുടെ നേതൃത്വത്തിൽ വിദ്യാലയത്തിന്സമ്മാനിച്ചത് രക്ഷിതാക്കൾ, പൂർവ്വവിദ്യാർഥികൾ,പൊതുപ്രവർത്തകർ തുടങ്ങിയവരുൾപ്പെടുന്ന **സ്കൂൾ സപ്പോർട്ട് ഗ്രൂപ്പാണ്.**

**ദൈനംദിന വായന** മികവ് പദ്ധതിയുമായി ബന്ധപ്പെട്ട ചേർന്ന അധ്യാപകരുടെ പ്രത്യേക യോഗത്തിൽ വായന ഗൗരവതരമാക്കുന്നതിനുള്ള മാഗരേഖ തയ്യാറാക്കി. അനുദിന പത്രവാർത്തകളുടെ അടിസ്ഥാനത്തിൽ പൊതുവിജ്ഞാന ചോദ്യങ്ങൾ തയ്യാറാക്കി പ്രദർശിപ്പിക്കുകയും **ദൈനംദിന പ്രശ്നോത്തരി**യിൽ മികവുപുലർത്തുന്നവർക്ക് എല്ലാ ദിവസവും സമ്മാനം നൽകുകയും ചെയ്യുന്ന DAILY QUIZ ലോക വിദ്യാർഥിദിനമായ ഒക്ടോബർ പതിനഞ്ചു മുതൽ ആരംഭിക്കുകയും ചെയ്തു.



കുട്ടികളുടെ വായനാപാടവം മെച്ചപ്പെടുത്തുന്നതിന് എല്ലാ ദിവസവും പൊതുവിജ്ഞാന സംബന്ധമായ വാർത്തകൾ, വിവിധ വിഷയങ്ങളുമായി ബന്ധപ്പെട്ട ചോദ്യോത്തരങ്ങൾ എന്നിവ ചാർട്ടിൽ എഴുതി പ്രദർശിപ്പിക്കുകയും കുട്ടികൾ എഴുതിയെടുക്കുകയും ചെയ്യുന്നു. എല്ലാദിവസവും അവയെ അടിസ്ഥാനമാക്കി മത്സരങ്ങൾ നടത്തി കുട്ടികൾക്ക് സമ്മാനം നൽകുന്നു.

## പിറന്നാൾ വായന




പിറന്നാൾ സമ്മാനമായി കുട്ടികൾക്ക് ലഭിച്ച ബാല മാസിക, ദിനപത്രങ്ങൾ എന്നിവ ക്ലാസ്സിൽ വിതരണം ചെയ്തു. വാർത്ത

കുറിപ്പുകൾ തയ്യാറാക്കി അവതരിപ്പിച്ചു.ഈ പ്രവർത്തനം എല്ലാ ദിവസവും തുടരുന്നു.

## e-വായന

### ഇന്നത്തെ വായന




ഇന്റർനെറ്റിന്റെ സ്വാഭാവിക ആകർഷണം ,വായനയുടെ പുതുലോകത്തിലേയ്ക്ക് നയിക്കുവാനുതകുന്നരീതിയിൽ പ്രയോജനപ്പെടുത്തേണ്ടതെങ്ങനെയെന്ന് വ്യക്തമാക്കുന്ന ബോധവത്ക്കരണക്ലാസ്സ് ഇ-വായന എന്ന ഇന്നത്തെ വായനയുടെ കവാടം തുറന്നുകൊടുത്തു.



സ്വയംപ്രേരിത വായന




സ്വയംപ്രേരിത വായനക്കൊരിടം-സ്റ്റഡിസെന്റർ,
ഗ്രാമപഞ്ചായത്ത് മെമ്പർ ഉദ്ഘാടനം ചെയ്യുന്നു.



വായനയിൽ താത്പര്യം ജനിച്ച കുട്ടികളെ സ്വതന്ത്ര വായനയിലേയ്ക്ക് നയിക്കാനുപകരിയ്ക്കുന്ന **സ്റ്റഡിസെന്റർ** ആരംഭിച്ചതോടെ ഒഴിവുസമയങ്ങൾ സ്വയംപ്രേരിതവായനയ്ക്കായി വിദ്യാർഥികൾ പ്രയോജനപ്പെടുത്തുന്നു.



# സൈബർ സുരക്ഷ- ഇന്നത്തെ അനിവാര്യത

ആരോമൽ അഭിലാഷ്

നമ്മൾ  ഉപയോഗിച്ചതും ഉപയോഗിച്ചുകൊണ്ട് ഇരിക്കുന്നതും ഇന്റർനെറ്റ് ബേസ് ആക്കിയാണ് .അതിൽ സൈബർ ക്രൈം, ഫോൺ അഡിഷൻ, സോഷ്യൽ മീഡിയ, മൊതലായ മുഖ്യ പ്രശ്നങ്ങളിലേക്ക്  നമ്മുടെ സമൂഹം വെള്ളത്തിലേക്ക് താഴ്ന്നകൊണ്ട് ഇരിക്കുകയാണ്. സൈബർ ക്രൈം അതിൽ നല്ലതും ഉണ്ട് ചീത്തയും ഉണ്ട്.സൈബർ നിയമങ്ങൾ അഥവാ കമ്പ്യൂട്ടിങ്ങിന്റെ നിയമവശങ്ങൾ എന്നത് നിയമത്തിന്റെയും കമ്പ്യൂട്ടിംഗിന്റെയും വിവിധ തലങ്ങളെ സ്പർശിക്കുന്ന ഒന്നാണ്. ശൃംഖലാബന്ധിതമായ വിവരവിനിമയ ഉപകരണങ്ങളും സാങ്കേതികവിദ്യയും ഉപയോഗിച്ചുള്ള, വിവരവിനിമയം, ആശയവിനിമയം, വിവര ശേഖരണ-വിതരണം തുടങ്ങിയ കാര്യങ്ങളെ സംബന്ധിച്ച നിയമപ്രശ്നങ്ങൾ കൈകാര്യം ചെയ്യുന്ന നിയമശാഖയാണ് സൈബർനിയമം. കരാർ നിയമം, സ്വത്ത് നിയമം എന്നിവയെയൊക്കെ അപേക്ഷിച്ച് സൈബർനിയമം അഥവാ വിവരസാങ്കേതികവിദ്യാ നിയമം, നിയമത്തിന്റെ തന്നെ നിരവധി തലങ്ങളുമായി ബന്ധപ്പെടുന്നതും അവയിലൊക്കെ സ്വാധീനം ചെലുത്തുന്ന നിയമവുമാണ്. ബൗദ്ധിക സ്വത്തവകാശം, സ്വകാര്യത, അഭിപ്രായപ്രകടന സ്വാതന്ത്ര്യം, നിയമാധികാരപരിധി, തെളിവുകൾ തുടങ്ങിയവ സൈബർലോയുടെ സ്വാധീനമേഖലകളിൽ ചിലതാണ്. ഡിജിറ്റൽ വിവരങ്ങളുടെ കൈകാര്യം ചെയ്യലും വിനിമയവുമായി ബന്ധപ്പെട്ട പ്രക്രിയകളെ നിയന്ത്രിക്കുന്നതിനായി വിവിധ രാജ്യങ്ങൾ നടപ്പിലാക്കിയിരിക്കുന്ന നിയമത്തെയോ, നിയമങ്ങളുടെ സഞ്ചയത്തെയോ വിവരസാങ്കേതികവിദ്യാ നിയമം (Information Technology Act) എന്നുവിളിക്കാം. കമ്പ്യൂട്ടർ സോഫ്റ്റ്‌വെയർ, കമ്പ്യൂട്ടർ സോഫ്റ്റ്‌വെയറിന്റെ സംരക്ഷണവും പകർപ്പവകാശവും, ഡിജിറ്റൽ വിവരങ്ങളുടെ കൈകാര്യകർതൃത്വവും നിയന്ത്രണവും, സ്വകാര്യത, സുരക്ഷ,

വിവരശ്രുംഖലാജാലികയുടെ (ഇന്റർനെറ്റ്)പ്രവേശനവും ഉപയോഗവും, ഇലക്ട്രോണിക് വാണിജ്യവും വ്യാപാരവും തുടങ്ങിയ വിവിധമേഖലകളെ സംബന്ധിക്കുന്ന നിയമം അഥവാ നിയമങ്ങളാണ് ഇത്. കമ്പ്യൂട്ടർ സുരക്ഷ, സൈബർ സുരക്ഷ അല്ലെങ്കിൽ ഇൻഫർമേഷൻ ടെക്നോളജി സെക്യൂരിറ്റി (ഐടി സെക്യൂരിറ്റി) എന്നത് കമ്പ്യൂട്ടർ സിസ്റ്റങ്ങളുടെയും നെറ്റ്‌വർക്കുകളുടെയും മോഷണം അല്ലെങ്കിൽ കേടുപാടുകൾ, ഹാർഡ്‌വെയർ, സോഫ്റ്റ്വെയർ അല്ലെങ്കിൽ ഇലക്ട്രോണിക് ഡാറ്റ എന്നിവയിൽ നിന്നും അതുപോലെ തന്നെ സേവനങ്ങളുടെ തടസ്സത്തിൽ നിന്നോ തെറ്റിദ്ധാരണയിൽ നിന്നോ ഉള്ള പരിരക്ഷയാണ്.

കമ്പ്യൂട്ടർ സുരക്ഷയുടെ മിക്ക വശങ്ങളിലും ഇലക്ട്രോണിക് പാസ്‌വേഡുകളും എൻക്രിപ്ഷനും പോലുള്ള ഡിജിറ്റൽ നടപടികൾ ഉൾപ്പെടുന്നുണ്ടെങ്കിലും, അനധികൃത തട്ടിപ്പ് തടയുന്നതിന് മെറ്റൽ ലോക്കുകൾ പോലുള്ള ഭൗതിക സുരക്ഷാ നടപടികൾ ഇപ്പോഴും ഉപയോഗിക്കുന്നു.

കമ്പ്യൂട്ടർ സിസ്റ്റങ്ങൾ, ഇൻറർനെറ്റ് , വയർലെസ് നെറ്റ്‌വർക്ക് മാനദണ്ഡങ്ങളായ ബ്ലൂടൂത്ത്, വൈ-ഫൈ എന്നിവയെ ആശ്രയിക്കുന്നതും സ്മാർട്ട്ഫോണുകൾ, ടെലിവിഷനുകൾ, കൂടാതെ "സ്മാർട്ട്" ഉപകരണങ്ങളുടെ വളർച്ച എന്നിവ കാരണം ഈ ഫീൽഡ് കൂടുതൽ പ്രാധാന്യമർഹിക്കുന്നു. "ഇന്റർനെറ്റ് ഓഫ് തിങ്ക്സ്" ഉൾക്കൊള്ളുന്ന ഉപകരണങ്ങൾ.

രാഷ്ട്രീയത്തിന്റെയും സാങ്കേതികവിദ്യയുടെയും കാര്യത്തിൽ അതിന്റെ സങ്കീർണ്ണത കാരണം, സൈബർ സുരക്ഷയും സമകാലീന ലോകത്തിലെ പ്രധാന വെല്ലുവിളികളിൽ ഒന്നാണ്.ഇന്ത്യ വളർന്ന് വരുന്ന ഒരു ഐ.ടി. ഹബ്ബായതിനാൽ ഇന്റർനെറ്റ്, വയർലെസ് നെറ്റ് വർക്ക്, കമ്പ്യൂട്ടർ സിസ്റ്റം എന്നിവയെ കൂടുതൽ ആശ്രയിക്കുന്നതുകൊണ്ട് രാജ്യത്തെ സൈബർ സുരക്ഷയ്ക്ക് വളരെ പ്രാധാന്യമുണ്ട്. സൈബർ സുരക്ഷ 'ഇൻഫർമേഷൻ ടെക്നോളജി സെക്യൂരിറ്റി' അല്ലെങ്കിൽ 'ഇലക്ട്രോണിക് ഇൻഫർമേഷൻ സെക്യൂരിറ്റി' എന്നും അറിയപ്പെടുന്നു. സൈബർ സുരക്ഷയിൽ ബിസിനസ്സ് മുതൽ മൊബൈൽ കമ്പ്യൂട്ടിംഗ് വരെ ഒന്നിലധികം ഡൊമെയ്നുകൾ ഉൾപ്പെടുന്നു. 'സൈബർ' എന്ന പദം കമ്പ്യൂട്ടർ, കമ്പ്യൂട്ടർ നെറ്റ് വർക്കുകളുമായി ബന്ധപ്പെട്ടിരിക്കുന്നതാണ്. ഇന്റർനെറ്റ് ആവാസവ്യവസ്ഥകൾ തമ്മിലുള്ള

ഈ ബന്ധം സൈബർസ്പേസ് രൂപപ്പെടുത്തുന്നു. കൂടാതെ, ഈ സൈബർസ്പേസ് സൈബർ സെക്യൂരിറ്റിയുടെ ആവശ്യകതയിലേക്ക് നയിക്കുന്ന വിവിധ പ്രശ്നങ്ങളെയും ഉൾക്കൊള്ളുന്നു.

ഇന്ത്യയിലെ സൈബർ സുരക്ഷയുടെ പ്രാധാന്യവും ആവശ്യകതയും മനസ്സിലാക്കാൻ സൈബർ സുരക്ഷയുടെ അടിസ്ഥാനകാര്യങ്ങൾ സമഗ്രമായി മനസ്സിലാക്കേണ്ടത് അനിവാര്യമാണ്. സമൂഹ മാധ്യമ നെറ്റ് വർക്കുകളിൽ ഒരു വ്യക്തി പങ്കിടുന്ന ഫോട്ടോകളോ വീഡിയോകളോ വ്യക്തിഗത വിവരങ്ങളോ മറ്റുള്ളവർക്ക് അനുചിതമായി ഉപയോഗിക്കാം. എന്നാൽ ഇത് ഗുരുതരമായ പ്രശ്നങ്ങളിലേക്ക് നയിക്കും. രാജ്യത്തെയും പൗരന്മാരെയും കുറിച്ച് ഗവൺമെന്റിന് ധാരാളം രഹസ്യാത്മക വിവരങ്ങൾ ഉണ്ട്. ആ വിവരങ്ങൾ ചോർന്നാൽ അത് രാഷ്ട്രത്തിന് ഗുരുതരമായ ഭീഷണി ഉയർത്തും.

ഡാറ്റ ഒരു ബിസിനസിന്റെ നട്ടെല്ലാണ്. കമ്പനികൾ അവരുടെ സിസ്റ്റത്തിൽ വലിയ അളവിൽ ഡാറ്റയും വിവരങ്ങളും സംഭരിച്ചിരിക്കുന്നു. സൈബർ ആക്രമണങ്ങളിൽ ഉപഭോക്താക്കളുടെ സ്വകാര്യ ഡാറ്റ ഉൾപ്പെടെയുള്ള നിർണായക വിവരങ്ങൾ നഷ്ടപ്പെടാനിടയുണ്ട്. അങ്ങനെ സംഭവിച്ചാൽ കമ്പനിയോടുള്ള  പൊതുവിശ്വാസം നഷ്ടപ്പെടുകയും, സ്ഥാപനത്തിന്റെ വിശ്വാസ്യത ചോദ്യം ചെയ്യപ്പെടുകയും ചെയ്യും. സൈബർ ആക്രമണ കേസുകൾ ഗണ്യമായി വർദ്ധിക്കുമ്പോഴും, മറുവശത്ത് സൈബർ സുരക്ഷാ സംരംഭങ്ങളും വികസിക്കുകയും ചെയ്യുന്നുണ്ട്. ഇന്ത്യയിലെ സൈബർ സുരക്ഷയുടെ അടിസ്ഥാനകാര്യങ്ങൾ എല്ലാവരും അറിഞ്ഞിരിക്കേണ്ടത് അത്യാവിശ്യമാണ്. അതിലൂടെ ജനങ്ങൾക്ക് സ്വയം പരിരക്ഷ ഉറപ്പാക്കാൻ സാധിക്കും.

# പ്രകൃതി ഭംഗി



ആൻമരിയ അനീഷ്

നിൻ പച്ചപ്പും ഹരിതാപവുമിതാ എൻ നിനവുകളിൽ നിറഞ്ഞിരിക്കുന്നു

ഇരുട്ടിൽ വെളിച്ചം പകർത്തുന്ന എൻ പ്രപഞ്ചമേ നിൻ ഭംഗിയിൽ എന്നെ തലോലിക്കണമേ

നദികളും പുഴകളും മലകളുമിത എൻ പ്രപഞ്ചത്തിനു ഭംഗി ളുകുന്നു ഭംഗിയേറിയ  പ്രപഞ്ചമേ...

എന്നുമെന്നും നിന്റേ ഭംഗി അറിയുവാൻ ഞാൻ നിന്നെ കാത്തുനിൽക്കുന്നു.

# പാമ്പിനിട്ട് പണി കൊടുക്കാൻ അവർ ഒരു വഴി

ആദർശ് പി

ഒരിടത്ത് 2 കാക്കകൾ താമസിച്ചിരുന്നു. കിട്ടു, മിട്ടു എന്നായിരുന്നു അവരുടെ പേര്. മിട്ടു കുറച്ചു മുട്ടകൾ ഇട്ടു.കിട്ടു അത് വിരിയുമ്പോൾ കുഞ്ഞുങ്ങൾക്ക് കൊടുക്കാൻ തീറ്റ തേടി പോയി. മിട്ടുവും പോയി. ആ സമയം കാളൻ എന്ന് പേരുള്ള ഒരു പാമ്പ് വന്നു അവരുടെ മുട്ടകൾ എടുത്തു തിന്നു.കിട്ടു. മിട്ടു തിരിച്ചെതിയപ്പോൾ മുട്ടകൾ കണ്ടില്ല.അവർക്ക് വിഷമം ആയി.അവർക്ക് മനസ്സിലായി ആ പമ്പാന് എടുത്തതെന്ന്.പാമ്പിനിട്ട് പണി കൊടുക്കാൻ അവർ ഒരു വഴി കണ്ടു.അവർ കേശവൻ കുറുക്കന്റെസഹായം തേടി. കുറുക്കൻ വഴി പറഞ്ഞു കൊടുത്തു.അവർ വഴി പ്രകാരം അടുത്തുള്ള മഹാരാജാവിന്റെ കൊട്ടാരത്തിൽ പോയി അവിടെയുള്ള ഒരു സ്വർണ്ണമാല മോഷ്ടിച്ചു പാമ്പിൻ്റെ മാളതിൽ കൊണ്ടിട്ട് അവർ പോയി.ഭടന്മാർ തേടി വന്നെത്തി നോക്കിയപ്പോൾ കുറുക്കൻ പറഞ്ഞു പാമ്പ് അതെടുത്തു പോകുന്നത് അവൻ കണ്ടു എന്ന്.ഭടന്മാർ പാമ്പും മാളതിൽ ചെന്ന് നോക്കിയപ്പോൾ അവിടെ മാല കണ്ടു.അവർ കാളനെ തല്ലി കൊന്നു മാലയെടുത് അവിടെനിന്നും പോയി. കിട്ടു,മിട്ടു എന്നിവർ കേശവൻ കുറുക്കന് നന്ദി പറഞ്ഞു അവർ വേറൊരു മരത്തിലേക്ക് കൂട് കെട്ടി താമസം മാറി.

# കിളിയും കാറ്റും



ഗ്രെയ്സ് മരിയ

കതിരും കൊത്തി കൂട്ടരുമായി
പാടി നടന്നൊരു പൂങ്കിളിയും
മീനച്ചൂടിൽ തണലും നോക്കി
മാവിൻ കൊമ്പിലിരിപ്പായി...!

കാടും മേടും ചുറ്റിത്തിരിയണ
വിരുതൻ കാറ്റും കളിയായി
കണ്ടൊരു കാഴ്ച വിളമ്പാനായി
തെല്ലിട നേരം അവനെത്തി...!

മാങ്കനി തിന്നും തേങ്ക നി തിന്നും
കലപില കൂട്ടിയ കിളി മകളും
ഉച്ചമയക്കം ഉച്ചിയിലിത്തിരി

# സൈബർട്രോട്സ്

**ജിതിൻ**

കമ്പ്യൂട്ടർ അല്ലെങ്കിൽ കമ്പ്യൂട്ടർ ശൃംഖലയുമായി ബന്ധപ്പെട്ട കുറ്റ കൃത്യമാണ് സൈബർ ക്രൈം അഥവാ സൈബർ കുറ്റകൃത്യം പരമ്പരാഗത സ്വഭാവത്തിലുള്ള കുറ്റകൃത്യങ്ങളായ മോഷണം, വ്യാജരേഖ ചമയ്ക്കൽ, വഞ്ചന തുടങ്ങിയവ കമ്പ്യൂട്ടറുമായോ, കമ്പ്യൂട്ടർ ശൃംഖലയുമായോ ബന്ധപ്പെടുത്തി നടക്കുമ്പോഴാണ് അവയെ ഇപ്രകാരം വിളിക്കുന്നത്. മൊബൈൽ, ക്യാമറ, തുടങ്ങിയുള്ള ഇലക്ട്രോണിക് ഉപകരണങ്ങളുമായി ബന്ധപ്പെട്ട കുറ്റകൃത്യങ്ങളും ഇതിന്റെ പരിധിയിൽപെടുത്താറുണ്ട്. ഇത്തരം സംവിധാനങ്ങളിലൂടെ വ്യക്തിയുടെ സ്വകാര്യ അവകാശങ്ങളെ ഹനിക്കുന്ന കുറ്റ കൃത്യങ്ങളെ സൈബർട്രോട്സ് എന്ന പേരിൽ അറിയപ്പെടുന്നു.

ഇന്ത്യൻ ശിക്ഷാനിയമത്തിന് പകരം ഇൻഫർമേഷൻ ടെക്നോളജി നിയമത്തിലെ വകുപ്പുകൾ പ്രകാരമാണ് ഈ കുറ്റകൃത്യങ്ങളുമായി ബന്ധപ്പെട്ട നിയമനടപടികൾ സ്വീകരിക്കുന്നത്. പ്രധാനമായും രണ്ടുവിധത്തിൽ സൈബർകുറ്റകൃത്യങ്ങളെ തരംതിരിക്കാം ; കമ്പ്യൂട്ടർ ഒരു ലക്ഷ്യമായി കണ്ടുകൊണ്ടുള്ളതും കമ്പ്യൂട്ടറിന്റെ സഹായത്തോടെയുള്ളതും.

ഒരു കമ്പ്യൂട്ടറിലേക്കോ കമ്പ്യൂട്ടർ ശൃംഖലയിലേക്കോ വൈറസിനെ കടത്തിവിടുക, ഹാക്കിങ്ങ് നടത്തുക മുതലായവയെ ആണ് കമ്പ്യൂട്ടറിനെ ലക്ഷ്യമിട്ടുള്ള കുറ്റകൃത്യങ്ങൾ. ക്രെഡിറ്റ്കാർഡ് തട്ടിപ്പുകൾ,  പ്രചരണം, സൈബർ തീവ്രവാദം, ഫിഷിംഗ് തുടങ്ങിയവയൊക്കെ കമ്പ്യൂട്ടറിന്റെ സഹായത്തോടെ നടത്തുന്ന കുറ്റകൃത്യങ്ങളിൽ പെടുന്നു. ഇൻഡ്യൻ സൈബർ ആക്ട് നിലവിൽ വന്നത് 2000 ൽ ആണ്. 2008 ൽ ഇൻഡ്യൻ സൈബർ ആക്ട് ഭേദഗതി ചെയ്യപ്പെട്ടു.

# എന്റെനാട്.....



## മിസ്ബ സുൽത്താന

എന്റെനാട്..... .......,................ മാമലകൾ

നിറഞ്ഞിട്ടും നാട്...... പൂമരങ്ങൾ

നിറഞ്ഞൊരു നാട്......നടനവിസ്മയം നിറഞ്ഞ കൂട്.........

ഏഴഴകായൊരു മലർനാട്................ എന്റെ മലയാള നാട്........

കളകളമൊഴുകും കാട്ടാറും.............. കലപില കൂട്ടും പൂങ്കാറ്റും.......

പച്ചകമ്പിളി പുൽപ്പാടം............. സുന്ദരി യായോരൻ

നാട്............. ................ തെയ്യവും തിറയും കഥകളിയും......

കോമരം തുള്ളും കാവുകളും........... മാർഗം കളിയും

കോൽക്കളിയും............ എല്ലാം കൂടിയ വിദ്യാലയം............
അതാണന്റെ നാട്... കേരള നാട്... മലയാളനാട്...

കവിത

# മഴ

ഐറിൻ

നൊമ്പരമെഴുതിയ മഴയേ എത്ര നീ വേദന തന്നുവെന്നാലും
പ്രണയിച്ചു പോയില്ലേ നിന്നെ ഞാൻ മഴയേ
പ്രണയിച്ചിടുംഞാൻ ഇനിയുള്ളകാലവും
നിൻ മഴത്തുള്ളി കിലുക്കമാണിപ്പഴും എൻ ഇടനെഞ്ചിൻ
ഹൃദയതാളം

# വിഡ്ഢിയായ ആന

## സന്ദീപ് ബാബു

ഒരിടത്തു ഒരു അപ്പൂപ്പനും അമ്മൂമ്മയും താമസിച്ചിരുന്ന അവരുടെ വീടിന്റെ താഴെ തോടിന്റെ അരികിലായി കുറച്ചു വിറകുകൾ ഉണ്ടായിരുന്ന അവർ ശ്രമിച്ചിട്ട് അത് എടുക്കാൻ പറ്റിയില്ല ആ സമയത്ത് അവിടെ ഒരു ആന
നടന്നുപോകുന്നുണ്ടായിരുന്ന ആ ആനയോട് അവർ സഹായം അപേക്ഷിച്ചു അപ്പോൾ ആന അവരോട് തിരിച്ചു ചോദിച്ചു ഞാൻ ഈ വിറക് കൊണ്ടുവന്നുവച്ചാൽ എനിക്ക് എന്തു തരുമെന്ന് അപ്പോൾ അവർ ആലോചിച്ചിട്ട് പറഞ്ഞു ഈ വിറക കൊണ്ടുവന്നു വച്ചാൽ നാളെ ഞങ്ങൾ നിനക്ക് അപ്പങ്ങൾ ചുട്ടു തരാമെന്നു അവർ പറഞ്ഞു. ഇത് കേട്ടു ആർത്തിയോടെ ആന മറ്റൊന്നും വിചാരിക്കാതെ ഈ വിറക കൊണ്ടുവന്നുവെക്കാമെന്നു സമ്മതിച്ചു. അടുത്ത ദിവസം അവർ ആനയോടു പറഞ്ഞതുപോലെ അപ്പം കൊടുക്കാൻ ചുടാൻ തുടങ്ങി. പക്ഷെ അവർ ഓരോ അപ്പം
ചുടുമ്പോഴും അവർ രണ്ടുപേരും ആർത്തിയോടെ അതു മുഴുവനും കഴിക്കാൻ തുടങ്ങി അവർ ഓർത്തില്ല ഇത് ആനയ്ക്ക് കൊടുക്കാൻ ഉള്ളതാണെന്ന് അവർ അതു കഴിച്ചു കഴിഞ്ഞപ്പോൾ ആണ് ഓർത്തത് ഇത് ആനയ്ക്ക് കൊടുക്കാൻ ഉള്ളതാണെന്ന്. വേറെ ചുടാൻ മാവും ഇരുപ്പില്ല ആന വരാൻ സമയവുമായി  അവർ എന്തുചെയ്യണമെന്നറിയാതെ കട്ടിലിന്റെ അടിയിൽ ഒളിച്ചിരുന്നു. ആന അപ്പോൾ അങ്ങോട്ട് വന്നു. കൊതിയാടെ ആണ് ആന വന്നത്. ആന നോക്കുമ്പോൾ അവിടെ ആരെയും കാണുന്നില്ല ആന വിളിച്ചും നോക്കി. അപ്പോൾ കട്ടിലിനടിയിലിരുന്ന  അപ്പൂപ്പന് തുമ്മൽ വന്നു അപ്പൂപ്പൻ തുമ്മുകയും ചെയ്തു. ആ ശബ്ദം കേട്ടു ആന ഭൂതം ആണെന്ന് കരുതി അവിടുന്ന് ഒറ്റ ഓട്ടം വച്ചു കൊടുത്തു. അവർ തലനാരിഴയ്ക്ക് ആ ആനയിൽ നിന്ന് രക്ഷപ്പെട്ടു. ഇതാണ് പറയുന്നത് ആരെയും ചതിക്കരുത് എന്ന്. എപ്പോഴും ദൈവം നമ്മെ രക്ഷിക്കണം എന്ന് ഇല്ല. ആ ആന വിഡ്ഢിയായതുകൊണ്ട് അവർ രക്ഷപ്പെട്ടു.

# ഉദ്ധരണികൾ

ഐറിൻ

■വലിയൊരു ലോകം മുഴുവൻ നന്നാവാൻ ചെറിയൊരു സൂത്രം ചെവിയിലോതാം ഞാൻ സ്വയം നന്നാവുക!

–കുഞ്ഞുണ്ണിമാഷ്

■പച്ചയായ ജീവിതത്തിൽ ഓരോരുത്തരും ഓരോ അനാഥജീവിയാണ്....

–വൈക്കം മുഹമ്മദ് ബഷീർ

■"കാലമോതി ജനതയ്ക്കുവേണ്ടി തൂലികയൊരു വാളാക്കി മാറ്റൂ"

–വയലാർ രാമവർമ്മ

# ഒരു ദിനം

അനീറ്റജോയ്സൺ



ചെറുപുഞ്ചിരിയിൽ
ഉണരും പ്രഭാതമേ ...
ഇളം വെയിലായി
കുളിരും പ്രകാശമേ ...
പുതു തണലായി
പുൽകും സന്ധ്യയെ ...
ചെറു നിലാവായി
പകരും നിദ്രയും ..


പുഞ്ചിരിയായും,
ഇളം വെയിലായും,
പുതു തണലായും,
ചെറു നിലവായും,
എന്നിൽ പകരുന്ന
നീ എന്ന ദിനവും

# ആത്മസംതൃപ്തി (കഥ)

□എല്ലാ ദിവസത്തെയും പോലെ മിന്നു രാവിലെ എണീറ്റ് ആദ്യം തന്നെ അലാം ക്ലോക്കിലേക്ക് നോക്കി. സമയം കണ്ട അവൾ ആകെ അങ്ങ് പരിഭ്രമിച്ചു, കാരണം താൻ വൈകിയാണ് എണീറ്റിരിക്കുന്നത് സ്കൂളിൽ പോകണം. സ്കൂളിലേക്ക് പോകാനുള്ള നെട്ടോട്ടത്തിനിടയിലും അവൾ തന്റെ കുടുക്കയിൽ ഉണ്ടായിരുന്ന പൈസ എടുക്കാൻ മറന്നില്ല. തന്റെ കുഞ്ഞനിയന് ഉടുപ്പ് വാങ്ങിക്കൊടുക്കാൻ വേണ്ടി അവൾ കുറേ കാലങ്ങളായി സൂക്ഷിച്ചുവെച്ച പൈസയാണത്. അന്ന് സ്കൂൾ തീരുന്നയിടം വരെ അവൾ ചിന്തിച്ചത് തന്റെ അനിയൻ താൻ വാങ്ങിച്ചു കൊടുക്കുന്ന ഉടുപ്പിട്ട് നടക്കുന്നതാണ്. വൈകുന്നേരം ഉടുപ്പ് വാങ്ങാൻ വേണ്ടി കടയിലേക്ക് പോകുന്ന സമയത്താണ് തന്റെ കൂട്ടുകാരി താര തെന്നി വീണ്തലപൊട്ടിയിരിക്കുന്നത് അവൾ കാണുന്നത്. ഉടനെ തന്നെ മിന്നു തന്റെ കയ്യിൽ ഉണ്ടായിരുന്ന പൈസയ്ക്ക് താരയെ ആശുപത്രിയിൽ എത്തിക്കുകയും മരുന്ന് വാങ്ങി കൊടുക്കുകയും ചെയ്തു. തന്റെ അനിയന് ഉടുപ്പ് വാങ്ങി കൊടുക്കാൻ കഴിഞ്ഞില്ലെങ്കിലും മറ്റൊരാളുടെ ജീവൻ തനിക്ക് രക്ഷിക്കാൻ സാധിച്ചല്ലോ എന്ന സന്തോഷത്തിലവൾ ആത്മസംതൃപ്തയായി.

--- ആൽഫി ജോസ്

# തെയ്യം



ആദിത്യ മനോജ്

പുരാതന കാലം മുതൽ കേരളത്തിൽ ആടി തകർക്കുന്ന അനുഷ്ഠാന കർമ്മമാണ് 'തെയ്യം'....

തെയ്യം ദൈവം എന്നതിന്റെ വാമൊഴി രൂപമാണ്. മനുഷ്യൻ ദൈവീകരൂപം ധരിച്ച് ഉറഞ്ഞു തുള്ളുകയും അതിലൂടെ ദേവതയെ പ്രീതിപ്പെടുത്തുകയും തിരിച്ച് ദേവത സമൂഹത്തിന് ഐശ്വര്യവും സമാധാനവും നൽകുന്ന വടക്കന്റെ പ്രക്രിയ ആണ് തെയ്യം.

മാതാവ്,വീരന്മാർ, വീര വനിതകൾ,നാഗ തെയ്യങ്ങൾ, യുദ്ധ ദൈവങ്ങൾ, രോഗ ദേവതകൾ, മന്ത്രം, തന്ത്രം, വ്രതം, കർമം എന്നിവ ഉൾപ്പെടുത്തിയുള്ള ആരാധനയാണ് തെയ്യം.കാസർഗോഡ്, കണ്ണൂർ ജില്ലകളിലാണ് തെയ്യത്തിന് അധികം പ്രചാരണ ഉള്ളത്..□

## നിരാശയുടെ നെടുവീർപ്പ്

# ശ്രീഷ പി.

ജീവിച്ച കൊതി തീരും മുമ്പ് തന്നെ നാം മരണം
അണയുമോ സഖി..........
ഇരുട്ടിന്റെ വീഥിയിൽ
ജനലരിയിൽ എത്തുന്ന കാറ്റേന്റെ മരണ ദൂതനോ സഖി........
നമ്മെ പുൽകിടാൻ എത്തുന്ന ദൂതനോ
ജീവിച്ച കൊതി തീരും മുമ്പ് തന്നെ ആയുസ്സ് പറ്റിയ പുഴയാം
നമ്മെ
കാണുന്ന കണ്ണിലെ
പൊൻ കിനാക്കളോ നാം......
ഭംഗി എന്തെന്നറിയാത്ത
ജീർണ്ണഭൂമിയിൽ ജീർണിച്ച രണ്ടു മൃതശരീരങ്ങളോ നാം.....
എല്ലാം വിധിയെന്നു കരുതുക മറ്റെല്ലാ
നമ്മുക്ക് നേരിടാം എൻ പ്രാണനാം നിന്നെ ഞാൻ സഖി.......
പവിഴ മുത്ത് പോൽ കാത്തിടാം എന്തിനു നാമിനി
ദുഃഖിതരാവണം വ്യർത്ഥമായൊരി ഭൂമിയിൽ എന്തിന് താമസം
ഇനി നിൻവീട് കാത്തു ഞാൻ നിൽപ്പൂ........

# പിൻമൊഴി

"വാക്കുകൾ കൂട്ടിച്ചൊല്ലാൻ വയ്യാത്ത
കിടാങ്ങളേ,
ദീർഘദർശനം ചെയ്യും
ദൈവജ്ഞരല്ലോനിങ്ങൾ."

കമ്പ്യൂട്ടർ യുഗത്തിന്റെ സാധ്യതകൾ
മനസ്സിലാക്കി, പരിമിതികൾ മറികടന്ന്,
നാളെയുടെ കാവലാളാകാനുള്ള
ചുമതല ഏറ്റെടുത്തുകൊണ്ട്
സമൂഹത്തോടുള്ള
നമ്മുടെ ഉത്തരവാദിത്തം നിറവാറ്റാം

-ലിറ്റൽ കൈറ്റ്സ്, കാർത്തികപുരം.